Draft #1 of File 9156/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 28-Jul-2020 11:18 AM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിച്ച്- ഡിജിറ്റൽ സിഗ്നേച്ചറോട്ടുകൂടി -2017 പ്രവേശം മുതൽ പുതിയ സ്കീമും സിലബസും പ്രകാരമുള്ള സി.ബി.സി.എസ് കോഴ്സ് വിദ്യാർത്ഥികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് - വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 3425/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 28.07.2020

---

*പരാമർശം:-*വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലറുടെ കാര്യാലയത്തിൽ വച്ച് 06.02.2020 ,11.30 - ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിച്ച് ഓട്ടോമേറ്റ് ചെയ്ത രീതിയിൽ, ബിരുദ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചറോട്ടുകൂടി, 2017 പ്രവേശനം മുതൽ പുതിയ സ്കീമും സിലബസും പ്രകാരമുള്ള സി.ബി.സി.എസ് കോഴ്സ് വിദ്യാർത്ഥികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ 06.02.2020 കൂടിയ യോഗം ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1. ബിരുദ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ പുനർമൂല്യനിർണയം ,സപ്പ്ളിമെൻററി / ഇംപ്രൂവ്മെൻറ് പരീക്ഷകൾ, ഗ്രേസ് മാർക്ക് തുടങ്ങി പരീക്ഷാഫലത്തെയോ ഗ്രേഡ് പോയിന്റിനെയോ ബാധിക്കാനിടയുള്ള യാതൊരു കാര്യങ്ങളും ശേഷിപ്പുണ്ടാകാൻ പാടുള്ളതല്ല.

2. ബിരുദ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ - (1) അപേക്ഷകൻ നൽകുന്ന വിവരങ്ങൾ , (2) പരീക്ഷാ വിഭാഗത്തിലെ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ, (3) സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുള്ള പ്രിന്റ് ചെയ്ത ടാബുലേഷൻ രജിസ്റ്ററുകൾ എന്നിവകളിലെ വിവരങ്ങൾ ഒത്തുനോക്കി പരിശോധനകൾ പൂർത്തീകരിക്കേണ്ടതാണ്.

3. വിവരങ്ങൾ, അസിസ്റ്റന്റ് ,സെക്ഷൻ ഓഫീസർ ,അസിസ്റ്റന്റ് രജിസ്ട്രാർ ,ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ പരിശോധിക്കേണ്ടതാണ്.

4. ബിരുദ സർട്ടിഫിക്കറ്റ് കരട് ,സെക്ഷൻ ഓഫിസർ ,അസിസ്റ്റന്റ് രജിസ്ട്രാർ ,ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ പരിശോധിക്കേണ്ടതാണ്.

5 . ഡിജിറ്റൽ സിഗ്നേച്ചറുള്ള പി.ഡി.എഫിലും, ക്യൂ.ആർ കോഡിലും എന്തൊക്കെ വിവരങ്ങളും സവിശേഷതകളും ഉൾപ്പെടുത്തണമെന്നത് കോർ കമ്മിറ്റി കൂടി തീരുമാനിക്കേണ്ടതാണ്.

6. ഡിജിറ്റൽ ബിരുദ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്ന രീതി ഇപ്പോൾ സ്വീകരിക്കേണ്ടതില്ല. ഭാവിയിൽ അത് ആലോചിക്കാവുന്നതാണ്. ഇപ്പോൾ പ്രിന്റ് ചെയ്ത ബിരുദ സർട്ടിഫിക്കറ്റ് മാത്രം മതി.

7. ഡിജിറ്റലായി ഒപ്പുവച്ച ബിരുദ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ അവയുടെ റീപ്രിന്റ് നൽകാവുന്നതാണ്. ഇതിന് നിലവിൽ ഡ്യൂപ്ലിക്കേറ്റ് ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. ബിരുദ സർട്ടിഫിക്കറ്റ് ഫോർമാറ്റുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്ന സംവിധാനം (ഓരോ പ്രോഗ്രാമിനും പ്രത്യേകം ) കമ്പ്യൂട്ടറിൽ തന്നെ ഓട്ടോമേറ്റ് ചെയ്യാവുന്നതാണ്.

9. ഒരിക്കൽ നൽകിയ ബിരുദ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിന് ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളും രീതികളും തന്നെ തുടരണം.

10. ബിരുദ സർട്ടിഫിക്കറ്റിന്റെ ജനുവിൻനെസ് സാക്ഷ്യപ്പെടുത്തുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതും ജോയിന്റ് രജിസ്ട്രാർ ഒപ്പുവച്ച് നൽകാവുന്നതുമാണ്.

11. NAD സർവീസ് അധികൃതരുമായി ആവശ്യമുള്ള ചർച്ചകൾ നടത്തേണ്ടതാണ്.

12. ഡിജിറ്റൽ രീതിയിൽ ഒപ്പുവച്ച ബിരുദ സർട്ടിഫിക്കറ്റിനുള്ള ഓൺലൈൻ അപേക്ഷാഫീസ് ഉചിതമായ രീതിയിൽ വർദ്ധിപ്പിക്കാവുന്നതാണ്.

13. കോർ കമ്മിറ്റികൾ ഉചിതമായി രൂപീകരിച്ച് വിശദമായ ചർച്ചകൾ നടത്തി ക്രമപ്രകാരം തീരുമാനങ്ങളെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തി.

യോഗം കൈക്കൊണ്ട തീരുമാനങ്ങൾ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

Draft #1 of File 9156/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 28-Jul-2020 11:18 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. CE's സെക്ഷൻ/ എ .സി .സി I/II/ എല്ലാ പി.ഡി സെക്ഷനുകൾ
4. സിസ്റ്റം മാനേജർ( i/c)/ CETEX
5. എല്ലാ ജെ.ആർ/ഡി. ആർ/എ.ആർ (പരീക്ഷ)
6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

File 9156/EA2 SO/2020/EA 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 9156/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 28-Jul-2020 11:18 AM - Page 3